റൈസ്മിൽ

*വ്യ ൬. (൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

റൈസ് മില്ലിനു പുതുതായി അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; എവിടെനിന്നെല്ലാം ; അവ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിന്റെ നയമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ട്. മറ്റുപ്രകാരമുള്ള അപേക്ഷകൾ ൪ ഇനം എണ്ണം കിട്ടിയിട്ടുണ്ട്. വിളവംകോട്, നെയ്യാറ്റിൻകര, നെടുമങ്ങാട്, പീരുമേട് എന്നീ താലൂക്കുകളൊഴികെയുള്ള എല്ലാ താലൂക്കുകളിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ട്. ലഭ്യമാകുന്ന നെല്ലിന്റെ അളവനുസരിച്ച് അതാതു സ്ഥലത്തു എത്ര മില്ലുകൾ വേണമെന്നു തീരുമാനിക്കുന്നതാണ്. ഓരോ മില്ലിനും സുമാർ ഒരു ലക്ഷംപറ നെല്ല് കൊടുക്കത്തക്കവണ്ണം ലൈസൻസുകൾ കൊടുക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. അപേക്ഷകരുടെ ധനസ്ഥിതി, മില്ലിന്റെ സൗകര്യങ്ങൾ മുതലായതും പരിഗണിക്കുന്നതാണ്.

ശ്രീ. ഏ. താണുപിള്ള : റൈസ് മില്ലുകൾ ഇല്ലാത്തതുകൊണ്ട് നാട്ടുകാക്ക് എന്തെങ്കിലും ദോഷമുണ്ടായതായി ഗവൺമെണ്ടിനു വല്ല അറിവുമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സഹകാര്യവ്യക്തികളുടെ ആവശ്യത്തിനു റൈസ് മില്ലുകൾ സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റിയല്ല പറഞ്ഞത്. ഇതു ഫുഡ് ഡിപ്പാർട്ടുമെണ്ടിന്റെ നെല്ല് കുത്തുന്നതിനുള്ള ഏർപ്പാടാണ്. അങ്ങിനെ ചെയ്യുന്നതുകൊണ്ട് വിതരണകാര്യത്തിൽ ചില കൂടുതൽ സഹകര്യങ്ങളുണ്ടാകും.

ശ്രീ. ഏ. താണുപിള്ള : പ്രൈവറ്റ റൈസ് മില്ലുകൾക്ക് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ ?

Sri. Panampilli Govinda Menon : Private rice mills to be licensed by the Food Department for milling the paddy belonging to the Food Department.

ശ്രീ. ഏ. താണുപിള്ള : ഫുഡ് ഡിപ്പാർട്ടുമെണ്ടിൽനിന്നും മില്ലിൽ കുത്തിയ അരിതന്നെ വിതരണം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

പാഠപുസ്തകവില്പന

*വ്യ ൬൭. (൪൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സംയോജനത്തിനുശേഷം പാഠപുസ്തകവില്പനയിൽ എത്ര ശുപാ ഗവൺമെണ്ടിനു ആദായം കിട്ടിയിട്ടുണ്ട് ; അതിന്റെ ആകെ വരവു ചിലവു എത്ര?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : പാഠപുസ്തകങ്ങൾ ചില സ്ഥലങ്ങളിലായി അച്ചടിച്ചുവരുന്നതുകൊണ്ടും വിതരണത്തിന്റേയും അച്ചടിച്ചിലവിന്റേയും മറ്റും കണക്കുകൾ മുഴുവൻ പൂർത്തിയായിട്ടില്ലാത്തതുകൊണ്ടും ആദായം എത്രയെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല. അതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നതേ ഉള്ളു. എന്നാൽ ഈ പദ്ധതി സാമാന്യേന ആദായകരമായ ഒന്നാണെന്നു പറയാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly